161
7.1.17

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം - റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനത്തിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ തിരുത്തൽ വിജ്ഞാപനത്തിലൂടെ ഉയർന്ന റാങ്ക് നേടിയ ശ്രീ.എ. വിജിൻ ദേവിന് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.[എം.എസ്] നം.1 /2017/വനം തിരുവനന്തപുരം, തീയതി: 03/01/2017

പരാമർശം:- 1. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.നം.589/2015 നമ്പർ കേസ്സിലെ 01/06/2016 ലെ ഉത്തരവ്.

2.നിലമ്പൂർ, കല്ലയമ്പടം അമ്പാടി വീട്ടിൽ ശ്രീ.എ. വിജിൻ ദേവിന്റെ 20/06/2016 ലെ നിവേദനം.

3. ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 19/08/2016 ലെ ഡി1-46559/2014 നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിനെതിരെ ശ്രീ.എ. വിജിൻ ദേവ് അപ്പീൽ നല്കിയതിനെ തുടർന്ന് പുറപ്പെടുവിച്ച തിരുത്തൽ വിജ്ഞാപനത്തിലൂടെ ടിയാന് 14-ാം റാങ്ക് ലഭിക്കുകയുണ്ടായി. പുനഃപരിശോധനയ്ക്കുള്ള അപേക്ഷ ടിയാൻ നൽകി 21 മാസങ്ങൾക്ക് ശേഷം 21/12/2013-ലാണ് പി.എസ്.സി പ്രസ്തുത തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചത്. ശ്രീ.എ. വിജിൻ ദേവിനേക്കാൾ താണ റാങ്ക് ലഭിച്ചവർക്ക് നിയമനം ലഭിച്ചുവെങ്കിലും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി (117/12/SSVI കാറ്റഗറി നം.293/2011) കഴിഞ്ഞ സാഹചര്യത്തിൽ ടിയാന് അഡ്വൈസ് നൽകാൻ പി.എസ്.സിക്ക് സാധിക്കാത്ത അവസ്ഥയുണ്ടായി. തുടർന്ന് ശ്രീ.എ. വിജിൻ ദേവ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ കെ.എസ്& എസ്.എസ്.ആർ ചട്ടം 39 ഉപയോഗിച്ച് നിയമനം നൽകുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം 1 ലെ ഉത്തരവിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. പരാമർശം 2 പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ലഭ്യമാക്കിയ പ്രൊപ്പോസലിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. മനു സത്യന്റെ പ്രൊമോഷനിലൂടെ ഉണ്ടായ ഒഴിവ് ശാസ്ത്ര/എഞ്ചിനിയറിംഗ് ബിരുദധാരികൾക്കായി മാറ്റി വച്ചിട്ടുള്ളതാണെന്നും ആയതിൽ ശ്രീ.എ. വിജിൻ ദേവിനെ നിയമിക്കാവുന്നതാണെന്നും സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനഃപരിശോധനക്കുള്ള അപേക്ഷ യഥാസമയം നൽകിയിട്ടും തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ പി.എസ്.സിയിലുണ്ടായ കാലതാമസം നിയമനം ലഭിക്കുന്നതിന് തടസ്സമായി എന്നത് പരിഗണിച്ച് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനത്തിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ തിരുത്തൽ വിജ്ഞാപനത്തിലൂടെ ഉയർന്ന റാങ്ക് നേടിയ ശ്രീ.എ. വിജിൻ ദേവിന് റെയിഞ്ച്

ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് കെ.എസ്& എസ്.എസ്.ആർ ചട്ടം 39 ൽ സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പുറപ്പെടുവിക്കുന്നതാണ്.

3.പരാമർശം 1 ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അപ്രകാരം നടപ്പിലാക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി. മാരപാണ്ഡ്യൻ, ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

അഡ്വക്കറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ശ്രീ.എ. വിജിൻ ദേവ്, അമ്പാടി വീട്, കല്ലയമ്പടം, നിലമ്പൂർ-679329
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം. നം.592)
വെബ് & ന്യൂ മീഡിയ (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**പകർപ്പ്**
വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

## കേരള സർക്കാർ

ശ്രീ പിണറായി വിജയൻ മന്ത്രിസഭ

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 392/എഫ്3/16/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനത്തിനുള്ളപി.എസ്.സി ലിസ്റ്റിൽ തിരുത്തൽ വിജ്ഞാപനത്തിലൂടെ ഉൾപ്പെട്ട ശ്രീ.എ. വിജിൻ ദേവിന് നിയമനം ലഭ്യമാക്കണമെന്ന അവശ്യം സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 08-12-2016 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ജി. അനിൽ കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പി. മാരപാണ്ഡ്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21/12/2016 |
| 10 | കുറിപ്പ്, അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. എസ്.എം. വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21/12/2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27/12/2016 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27/12/2016 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

E-1106100

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-12-2016.

ഫയൽ നം.392/എഫ്3/2016/വനം ഇനം നം: 592

വിഷയം : വനം വന്യജീവി വകുപ്പ് - റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റിൽ തിരുത്തൽ വിജ്ഞാപനത്തിലൂടെ ഉൾപ്പെട്ട ശ്രീ. എ. വിജിൻ ദേവിന് നിയമനം ലഭ്യമാക്കണമെന്ന ആവശ്യം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

വനം വകുപ്പിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ തിരുത്തൽ വിജ്ഞാപനത്തിലൂടെ ഉയർന്ന റാങ്ക് ലഭിച്ചിട്ടും നിയമനം ലഭിക്കാതിരുന്ന ശ്രീ.എ. വിജിൻ ദേവിന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01/06/2016 ലെ ഒ.എ.നം.589/2015 ഉത്തരവിന്റെ വെളിച്ചത്തിൽ നിയമനം നൽകണമെന്ന അവശ്യമാണ് ഈ കുറിപ്പിലെ വിഷയം.

2) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനത്തിനായി തയ്യാറാക്കിയ 117/12/SSIV (കാറ്റഗറി നം.293/2011) നമ്പർ റാങ്ക് ലിസ്റ്റിൽ 14-ാം റാങ്ക് നേടിയ ആളാണ് ശ്രീ.എ. വിജിൻ ദേവ്. ചട്ടപ്രകാരം എഴുത്തുപരീക്ഷയുടെ മാർക്ക് പുനഃപരിശോധിക്കുന്നതിനായി 45 ദിവസത്തിനകം അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് പി.എസ്.സി പുറപ്പെടുവിച്ച തെറ്റു തിരുത്തൽ വിജ്ഞാപനത്തിലൂടെ ശ്രീ.എ. വിജിൻ ദേവിന് റാങ്ക് നം.8 നും 8A യ്ക്കും ഇടയിലായി 8AI ആയി ടി റാങ്ക് ലിസ്റ്റിൽ ഉയർന്ന സ്ഥാനം ലഭിക്കുകയുണ്ടായി. എന്നാൽ പുനഃപരിശോധനയ്ക്കുള്ള അപേക്ഷ ലഭിച്ച് 21 മാസങ്ങൾക്ക് ശേഷം 21/12/2013-ലാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തെറ്റ് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചത്. എന്നാൽ ഇതിനു മുമ്പേ തന്നെ റാങ്ക് ലിസ്റ്റിൽ നിന്നും 13 പേരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനത്തിനായി ശുപാർശ ചെയ്തുകഴിഞ്ഞിരുന്നു. 8A റാങ്ക് നേടിയ ശ്രീ. മുഹമ്മദ് റാഫി.കെ.എം എന്ന ഉദ്യോഗാർത്ഥിയെയാണ് അവസാനമായി നിയമനത്തിനായി ശുപാർശ ചെയ്തത്. 31/03/2012 ലാണ് ടിയാന് നിയമന ശുപാർശ നൽകിയത്. ശ്രീ.എ. വിജിൻ ദേവിന് റാങ്ക് ലിസ്റ്റിൽ ഉയർന്ന സ്ഥാനം നല്കിക്കൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 21/12/2013-ൽ തെറ്റ് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പേ തന്നെ 27/11/2012-ൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചിരുന്നു.

3) തുടർന്ന് 21/12/2013-ലെ ഗസറ്റ് തിരുത്തൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 10/11/2014 ൽ പി.എസ്.സി ടിയാനെ നിയമനത്തിനായി അഡ്വൈസ് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ഒഴിവ് ഫോറസ്ട്രി ബിരുദധാരികൾക്ക് മാറ്റിവയ്ക്കപ്പെട്ടതായതിനാൽ ശ്രീ.ജിയോ ബേസിൽ പോൾ ഒ.എ.2273/14 നമ്പരായി കേസ് ഫയൽ ചെയ്തുകൊണ്ട് ട്രൈബ്യൂണലിനെ സമീപിക്കുകയും ട്രൈബ്യൂണൽ ശ്രീ.എ. വിജിൻ ദേവിനയച്ച അഡ്വൈസ് റദ്ദ് ചെയ്യുകയുമുണ്ടായി. ഫോറസ്റ്റ് സ്പെഷ്യൽ റൂൾ പ്രകാരം ഫോറസ്ട്രി ബിരുദധാരികൾക്കും ശാസ്ത്ര/എഞ്ചിനിയറിംഗ് ബിരുദധാരികൾക്കുമായി ടി തസ്തികയിലേയ്ക്ക് രണ്ട് വ്യത്യസ്ത റാങ്ക് ലിസ്റ്റുകളാണ് പ്രസിദ്ധീകരിക്കുന്നത്. ഇതിനെതിരെ ശ്രീ.എ. വിജിൻ ദേവ് ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം.589/2015 ലെ 01/06/2016 ലെ ഉത്തരവിൽ വിധിപകർപ്പ് ലഭിച്ച് 3 മാസത്തിനുള്ളിൽ കെ.എസ്& എസ്.എസ്.ആർ ചട്ടം 39 പ്രകാരം സർക്കാരിനുള്ള അധികാരം വിനിയോഗിച്ച് ശ്രീ.എ. വിജിൻ ദേവിന് നിലവിലുള്ള ഒരു ഒഴിവിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹുമാനപ്പെട്ട ട്രിബ്യൂണൽ സർക്കാരിന് നിർദ്ദേശം നൽകി.

4) ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ. മനു സത്യൻ പ്രൊമോഷനായതിലൂടെ ഉണ്ടായ ഒഴിവ് ശാസ്ത്ര/എഞ്ചിനിയറിംഗ് ബിരുദധാരികൾക്കായി മാറ്റി വച്ചിട്ടുള്ളതാണെന്നും ടി ഒഴിവിൽ ശ്രീ.എ. വിജിൻ ദേവിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

5) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ പ്രസ്തുത നിർദ്ദേശത്തോട് യോജിച്ചുകൊണ്ട് താഴെ പറയുന്ന പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"Administrative Department has sought remarks as to whether the

petitioner may be appointed in the existing vacancy of Range Forest Officer by invoking Rule 39 of the KS& SSRs in order to comply with the court direction in OA No.589/2015.

Attention of Administrative Department is invited to the circular No.131867/Rules/72/PD dated 14/09/1973, and that department is informed that as per clause 2 of the above circular, the following are, by and large, the circumstances under which Government may relax the service rules in individual cases.

III) If certain service benefits legitimately due to an officer have been denied to him for a long period and it is found that procedural delay in issuing final orders will cause irreparable harm to the legitimate rights of the officer, Government may resort to relaxation of the rules.

IV) In cases where gross injustice or inequity is seen to result from the application of the rules in all their rigour.

As per clause 3 of the above circular, it is specified that the mere fact that the enforcement of a rule creates hardship to an officer or a group of officers will not be the ground for invoking the power under Rule 39 and as per clause 5, generally rules should not be relaxed in individual cases unless there are compelling reasons justifying such relaxation.

In the instant case, the petitioner was included as Sl.No.14 in the rank list published by the KPSC for the post of Range Forest Officer. Vide erratum notification dated 22/03/2012, Sri. Muhammed Raphy K.M was placed as Sl.No.8A in the rank list and was advised by the Commission. Later vide erratum notification dated 21/12/2013 the petitioner was placed as Sl.No.8AI in between Sri. Ratheesh T (8) and

Sri. Mohammed Raphy K M (8A) in the said rank list. Subsequently, the petitioner was advised by the Commission vide memo dated 10/11/2014. But he did not get an appointment order thereafter, as one Mr. Geo Basil Paul has challenged the advice of the petitioner by filing OA NO.2273/2014 mainly on the ground that the vacancy against which advice was made was in a different stream for the very same post. The Hon'ble Tribunal thus quashed the advice in respect of the petitioner. Thus, the petitioner has filed the present Original Application seeking appointment to the post of Range Forest Officer. In the order dated 01/06/2016 in OA No. 589/2015, the Hon'ble Tribunal directed Government to issue appropriate orders by invoking Rule 39 of the KS & SSR's by appointing the applicant in an existing vacancy.

It is evident that there occurred considerable delay on the part of the Commission in taking a decision on the application for rechecking of marks by the petitioner in time, since by the time the erratum notification was issued, the Rank list had expired. Had the authority arrived in a decision in time, the petitioner would have been advised in the right vacancy. Here the applicant was denied advice and appointment for no fault of his.

"In the circumstances stated above and in light of the direction of the Hon'ble Kerala Administrative Tribunal in OA No.589/2015, the Administrative Department may take appropriate action to comply with the direction of Hon'ble Kerala Administrative Tribunal. While invoking Rule 39, that department may follow the directions contained in the Circulars No.131867/Rules/72/PD dated 14/9/1973, No.76016/Rules-1/76/PD dated 20/07/1976 and No.98995/Rules-

1/82/GAD dated 15/01/1983."

6) അതിനു ശേഷം ഈ വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു.ടി നിർദ്ദേശത്തോട് യോജിച്ചുകൊണ്ടുള്ള നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ കൊടുക്കുന്നു.

"In the instant case, even though the applicant got hight position in the erratum order, he did not get appointment for no fault of his while the persons placed below him in the rank list got appointment. As pointed out by P& ARD, it is evident that there was considerable delay on the part of the Commission in taking a decision on the application for rechecking of marks and he would have been appointed in the right vacancy if the Commission had acted in time. as the benefits legitimately due to the applicant have been denied to him for a long period, the Administrative Department may be advised to take steps for appointing the applicant invoking Rule 39 of KS & SSR against the vacancy occurs consequent to the promotion of another officer in the same stream, as directed by the Hon'ble Tribunal and opined by the P&ARD."

7)എഴുത്തുപരീക്ഷയുടെ ഉത്തരക്കടലാസ് പുനഃപരിശോധിക്കുന്നതിനായി ശ്രീ.വിജിൻ ദേവ് നൽകിയ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഭാഗത്തു നിന്നുണ്ടായ കാലതാമസം കാരണമാണ് ടിയാന് നിയമനം ലഭിക്കാതെ പോയതെന്ന് ബഹുമാനപ്പെട്ട ട്രൈബ്യൂണൽ നിരീക്ഷിക്കുകയുണ്ടായി. അപേക്ഷ ലഭിച്ച് 21 മാസങ്ങൾക്ക് ശേഷം 21/12/2013-ലാണ് കെ.പി.എസ്.സി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചത്. എന്നാൽ അതിനു മുമ്പേ തന്നെ 27/11/2012 ൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചിരുന്നു.തന്റെ പേരിന് തൊട്ടു താഴെ റാങ്ക് 8A ആയി ഉൾപ്പെടുത്തിയിരുന്ന ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിച്ചിട്ടും ശ്രീ.വിജിൻ ദേവിന് നിയമനം ലഭിച്ചിട്ടില്ല. പുനഃപരിശോധനക്കുള്ള

അപേക്ഷയിൽ യഥാസമയം കെ.പി.എസ്.സി തീരുമാനം എടുത്തിരുന്നുവെങ്കിൽ ശ്രീ.വിജിൻ ദേവിന് ഉചിതമായ ഒഴിവിൽ നിയമനം ലഭിക്കുമായിരുന്നു. തന്റേതല്ലാത്ത കാരണത്താൽ ടിയാന് നിയമനശുപാർശയും നിയമനവും നഷ്ടപ്പെട്ടിരിക്കുകയാണ്. കാലഹരണപ്പെട്ട ഒരു റാങ്ക് ലിസ്റ്റിൽ നിന്നും നിയമനശുപാർശ നൽകുന്നതിന് പി.എസ്.സി യെ ചട്ടം അനുവദിക്കാത്തതിനാൽ കെ.എസ്& എസ്.എസ്.ആർ ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ച് ശ്രീ.എ.വിജിൻ ദേവിന് നിയമനം നൽകുവാനാണ് ബഹുമാനപ്പെട്ട ട്രൈബ്യൂണൽ ഉത്തരവായിരിക്കുന്നത്.

8) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിഷ്കർഷിച്ചിരുന്ന സമയപരിധി 01/09/2016-ൽ അവസാനിച്ചിരുന്നു. തുടർന്ന് മൂന്ന് മാസത്തേയ്ക്ക് കൂടി സമയപരിധി നീട്ടി വാങ്ങിയെങ്കിലും ആയത് 01/12/2016 -ൽ അവസാനിച്ചിരിക്കുകയാണ്.

9)ഈ വിഷയം മന്ത്രിസഭാ മുമ്പാകെ സമർപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പരിഗണിച്ച്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിയമിക്കപ്പെടാൻ തയ്യാറാക്കിയ പി.എസ്.സി റാങ്ക് ലിസ്റ്റിൽ തെറ്റു തിരുത്തൽ വിജ്ഞാപനത്തിലൂടെ ഉയർന്ന റാങ്ക് നേടിയ ശ്രീ.എ. വിജിൻ ദേവിന്, കെ.എസ്& എസ്.എസ്.ആർ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാമോ?